പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --4346 19.10 .2011- ലെ മറുപടിക്ക്

ഡാറ്റാബാങ്ക് രൂപീകരിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. ശർമ്മ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവാസികളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള ഡാറ്റാബാങ്ക് ലഭ്യമാണോ ; | (എ) പ്രവാസികളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള ഡാറ്റാബാങ്ക് ലഭ്യമല്ല. |
| (ബി) എങ്കിൽ വൈപ്പിൻ മണ്ഡലത്തിലെ പ്രവാസികൾ എത്രപേരെന്ന് വ്യക്തമാക്കുമോ ; | (ബി) ബാധകമല്ല. |
| (സി) എങ്കിൽ ഡാറ്റാ ബാങ്ക് രൂപികരിച്ചിട്ടില്ലാത്ത പക്ഷം ആയതിന് നടപടി സ്വീകരിക്കുമോ ? | (സി) പ്രവാസികളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള ഡാറ്റാബാങ്ക് രൂപീകരിക്കാൻ ആലോചനയില്ല. എന്നാൽ കേരളത്തിനുപുറത്ത് , ഇന്ത്യയ്ക്കകത്തും |

വിദേശത്തും തൊഴിൽ ചെയ്യുന്ന മലയാളികളുടെ കണക്കുകളും അവരുടെ സാമൂഹ്യ സാമ്പത്തിക കുടുംബ പശ്ചാത്തലത്തെക്കുറിച്ചുള്ള വിപുലമായ രേഖകൾ ശേഖരിക്കുന്നതിനുമായി ഗവേഷണ സ്ഥാപനമായ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടിവരുന്ന തുകയും അവർക്ക് നൽകിയിട്ടുണ്ട്. അവരിൽ നിന്നു ലഭിച്ച വിവരം പ്രകാരം 2008 വരെയുള്ള വിശദമായ കണക്കുകൾ ശേഖരിച്ച് ' കേരള മൈഗ്രേഷൻ സർവ്വേ - 2008 ' പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2009 - ാം ആണ്ടിലെ സമഗ്രമായ വിവരങ്ങൾ കൂടി ശേഖരിച്ചാലേ പദ്ധതി പൂർത്തിയാവുകയുള്ളൂ അതിനുള്ള നടപടികൾ വിജയകരമായി മുന്നേറുകയാണെന്ന് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസസ് അറിയിച്ചിട്ടുണ്ട്. ഇത് ഒരു "സാംപിൾ സർവ്വേ മെത്തേഡ്" പ്രകാരമുള്ള പഠനമാണ്.

സെക്ഷൻ ഓഫീസർ